അനുഭവം

ശൈഖ് മുഹമ്മദ് കാരകുന്ന്

# ആർദ്രതയുടെ ഊഷ്മള വികാരങ്ങളുണർത്തുന്ന സേവനത്തിന്റെ സ്നേഹസ്പർശങ്ങൾ

**2009** *മലയാള മനോരമ* വാർഷികപ്പതിപ്പിലെ ഒന്നാമത്തെ ലേഖനം പ്രമുഖ കഥാകൃത്ത് ടി. പത്മനാഭന്റേതാണ്. അതിന്റെ തലക്കെട്ട് 'ഖലീഫാ ഉമറിന്റെ പിൻഗാമികൾ.'

നിറയൗവനത്തിൽ വാഹനാപകടത്തിൽ മരണപ്പെട്ടുപോയ കണ്ണൂരിലെ ഡോക്ടർ സൈനുദ്ദീനുമായി ബന്ധപ്പെട്ടതാണ് ലേഖനം. അദ്ദേഹം മനുഷ്യസ്നേഹത്തിന്റെയും ജീവകാരുണ്യത്തിന്റെയും കാണപ്പെടുന്ന രൂപമായിരുന്നു. പത്മനാഭൻ എഴുതുന്നു: "ഡോക്ടർമാരുടെ ക്വാർട്ടേഴ്സിൽനിന്ന് വളരെ അടുത്തായിരുന്നു എന്റെ വീട്. ഡോക്ടർ സൈനുദ്ദീൻ ജയിൽ ഡോക്ടറായി ചാർജെടുത്ത വിവരം ഏടത്തി എഴുതിയാണ് ഞാനറിഞ്ഞത്. പുതിയ ഡോക്ടർ ജയിലിൽ വന്നിട്ടുണ്ടെന്നും മനുഷ്യനെന്ന നിലയിലും ഡോക്ടർ എന്ന നിലയിലും വളരെ നല്ല ആളാണെന്നും ഏടത്തി എഴുതി.

ഞാൻ അടുത്ത തവണ കൊച്ചിയിൽനിന്ന് വീട്ടിൽ വരുന്നതിനു മുമ്പായി തന്നെ ഡോക്ടറുടെ കുടുംബവും എന്റെ വീട്ടുകാരും തമ്മിൽ പരിചയപ്പെട്ടുകഴിഞ്ഞിരുന്നു. ഏടത്തി ഡോക്ടറെക്കുറിച്ച് പറഞ്ഞ അത്ഭുത കഥകളിൽ ഒന്ന്.

ഒരിക്കൽ ഒരു രോഗിയെ കാണിക്കാനായി ആൾക്കാർ ഡോക്ടറെ കൂട്ടിക്കൊണ്ടുപോയി. കുണ്ടനിടവഴികളും ചെളിനിറഞ്ഞ പാടവരമ്പുകളുമൊക്കെ താണ്ടി വേണമായിരുന്നു വീട്ടിലെത്താൻ. അതുകൊണ്ട്

**മൂന്ന് വായനാനുഭവങ്ങളും എന്നെ അഗാധമായി സ്പർശിച്ചു. പരമാവധി വേദികളിൽ അവയെക്കുറിച്ച് സംസാരിച്ചു. ഇസ്‌ലാമിന്റെ കാരുണ്യവും നന്മയും വെളിച്ചവും ഉദാരതയും അനുഭവിച്ചറിയാൻ അവസരമൊരുക്കേണ്ടത് പ്രബോധകരാണ്.**

കാറെടുക്കാനൊന്നും കഴിഞ്ഞിരുന്നില്ല. വീട്ടിലെത്തിയപ്പോൾ ഡോക്ടറുടെ മനസ്സ് വല്ലാതെയിടിഞ്ഞു. അത്യന്തം ദയനീയമായ ചുറ്റുപാടുകളായിരുന്നു. അവിടത്തെ അടുപ്പിൽ തീ എരിഞ്ഞിട്ടുതന്നെ ദിവസങ്ങളായിട്ടുണ്ടായിരിക്കുമെന്ന് ഡോക്ടർക്ക് തോന്നി. കൂലിപ്പണിയെടുത്ത് കുടുംബം നോക്കിയിരുന്ന ഗൃഹനാഥനാണ് രോഗിയായി കിടക്കുന്നത്. അയാൾ കൊടുത്ത ഫീസ് അയാളുടെ കൈയിൽതന്നെ പിടിപ്പിച്ച് 'ഇതൊന്നും ഇപ്പോൾ വേണ്ട; ഇപ്പോൾ രോഗം മാറലാണ് പ്രധാനം. ഞാൻ തന്ന മരുന്നൊക്കെ കഴിച്ചാൽ വളരെ വേഗത്തിൽ ഇത് മാറും. പിന്നെ എപ്പഴ് വേണമെങ്കിലും എന്നെ വിളിച്ചോളൂ. ഞാൻ വരും.'

വീട്ടിലെത്തിയ ഉടനെ ഡോക്ടർ സൈനുദ്ദീൻ തന്റെ ഡ്രൈവറുടെ കൈയിൽ കുറേ അരിയും പയറും പരിപ്പും എണ്ണയുമൊക്കെ ആ വീട്ടിൽ എത്തിക്കാൻ ഏർപ്പാട് ചെയ്തു.

ഇതൊക്കെ പറഞ്ഞ് ഏടത്തി എന്നോടു ചോദിച്ചു: ഇങ്ങനെയുമുണ്ടോ ഒരു ഡോക്ടർ! ഫീസ് വാങ്ങാത്തത് മനസ്സിലാക്കാം. പക്ഷേ, രോഗിയുടെ വീട്ടിലെ ദാരിദ്ര്യം തീർക്കാനായി അരിയും പരിപ്പുമൊക്കെ. ഏടത്തി പറയുന്നത് മുഴുവൻ ശ്രദ്ധിക്കാൻ എനിക്കു കഴിഞ്ഞില്ല. എന്റെ മനസ്സ് അപ്പോൾ വളരെ അകലെയായിരുന്നു– കാലത്തിലും ദേശത്തിലുമൊക്കെ.

അറേബ്യൻ മരുഭൂമിയിലൂടെ രാത്രി കൂട്ടിനാരുമില്ലാതെ മഹാനായ ഖലീഫാ ഉമർ സഞ്ചരിക്കുന്നു. അദ്ദേഹം വേഷം മാറിയിരിക്കുന്നു. തന്റെ ഭരണകാലത്ത് പ്രജകൾ എങ്ങനെയാണ് കഴിഞ്ഞുപോരുന്നത് എന്നറിയാനായിരുന്നു ആ സഞ്ചാരം."

തുടർന്ന് പത്മനാഭൻ, ഖലീഫാ ഉമർ ദരിദ്രരായ സ്ത്രീക്കും കുട്ടികൾക്കും ഗോതമ്പ് പൊടി കൊണ്ടുപോയി ഭക്ഷണം പാകം ചെയ്തുകൊടുത്ത ചരിത്ര പ്രസിദ്ധമായ സംഭവം വിവരിക്കുന്നു.

ബാബു ഭരദ്വാജ് തനിക്കുണ്ടായ മറക്കാനാവാത്ത ഒരനുഭവം *മാധ്യമം* ആഴ്ചപ്പതിപ്പിൽ കുറിക്കുന്നു: "ഞാൻ മണ്ണാർക്കാട് കഴിഞ്ഞ് പെരിന്തൽമണ്ണയിൽനിന്ന് കുറച്ചു ദൂരം വഴിയിൽ തടഞ്ഞുവെച്ച ഒരു ബസ്സിൽ തളർന്നിരിക്കുകയായിരുന്നു. ബന്ദ് കാരണം ആ ചെറിയ അങ്ങാടിയിൽ കടകളൊന്നും തുറന്നിട്ടില്ല. ഭക്ഷണത്തിനൊരു വഴിയുമില്ല. ഉച്ച കഴിഞ്ഞപ്പോൾ നിരത്തുകളിലെ ഒരു ചെറിയ മുസ്‌ലിം ഗൃഹത്തിലെ ഒരു സ്ത്രീ പറമ്പിൽനിന്ന് മരച്ചീനി പറിക്കുന്നത് കണ്ടു. വല്ലാത്ത വിശപ്പുണ്ട്. ഒരു കഷ്ണം ചോദിച്ചാലോ എന്ന് ആദ്യം തോന്നി. എന്നാൽ മടിച്ചു. കുറേ നേരം കഴിഞ്ഞപ്പോൾ ആ സ്ത്രീയും അവരുടെ കൗമാരക്കാരിയായ മകളും ഒരു വലിയ ചരുവത്തിൽ മഞ്ഞൾ ചേർത്ത് വേവിച്ച കിഴങ്ങുമായി ഞങ്ങൾക്കരികിലെത്തി. അഞ്ചപ്പം കൊണ്ട് അഞ്ഞൂറാളെ ഊട്ടിയ യേശുവിനെ ഞാനപ്പോൾ ഓർത്തു. ഞാൻ നിൽക്കുന്നതിനടുത്ത് വന്ന് അവർ പറഞ്ഞു: കൊറച്ചേ ഉള്ളൂ. എല്ലാവർക്കും തികയില്ല. നാലഞ്ചു പേരുടെ വിശ

പ്പെങ്കിലും മാറട്ടെ. അത്രേം ആയല്ലോ."

ആ കാഴ്ച നാട്ടുകാർ കണ്ടുനിൽക്കുന്നുണ്ടായിരുന്നു; ആർത്തിയോടെ ഞങ്ങൾ ഭക്ഷണത്തിന് ആക്രമിക്കുന്നതും. അര മണിക്കൂറിനുള്ളിൽ കുറേപ്പേർ ചേർന്ന് നിരത്തു വക്കിൽ അടുപ്പു കൂട്ടി, എല്ലാവർക്കും കഴിക്കാൻ കഞ്ഞിയുണ്ടാക്കി. നാട്ടുകാർ തന്നെയാണത് ചെയ്തത്. അങ്ങാടിയിലെ ഒരു കട തുറന്നാണ് അവർ അരി സംഘടിപ്പിച്ചത്. ഇതെപ്പോഴെങ്കിലും ഒരിക്കൽ പറയണമെന്ന് എനിക്കുണ്ടായിരുന്നു. മാക്സിം ഗോർക്കി പറഞ്ഞതുപോലെ മനുഷ്യൻ എത്ര മനോഹരമായ പദം. അപ്പോൾ ദുരന്തങ്ങളെ ആഘോഷമാക്കുന്നവരോ!"

ഇക്കഴിഞ്ഞ റമദാനിലെ അവസാന നാളുകളിലൊന്നിൽ തനിക്കുണ്ടായ ഒരനുഭവം കേരള വനംവകുപ്പ് മന്ത്രി ബിനോയ് വിശ്വം *മാധ്യമം* ദിനപത്രത്തിലെഴുതി. കോട്ടയത്തിനടുത്തുണ്ടായ വാഹനാപകടത്തിൽ പരിക്കുപറ്റിയ ദമ്പതികളെ ആശുപത്രിയിലെത്തിക്കാനും പരിചരിക്കാനും സഹായ സഹകരണങ്ങൾ ചെയ്തുകൊടുക്കാനും തിടുക്കം കാണിച്ച ചെറുപ്പക്കാരനെക്കുറിച്ചാണ് മന്ത്രി അതിൽ വിശദീകരിക്കുന്നത്. നോമ്പുകാരനായിരിക്കെ തന്റെ ജോലിസ്ഥലത്തുനിന്ന് ഓടിവന്നാണ് ആ യുവാവ് ആ സേവന വൃത്തികളിൽ വ്യാപൃതനായത്. അൽ അമീൻ എന്ന ആ ചെറുപ്പക്കാരനെക്കുറിച്ച് ദൈവവിശ്വാസിയും മതവിശ്വാസിയുമല്ലാത്ത ബിനോയ് വിശ്വം എഴുതുന്നു: "റോഡിൽ വീണു കിടക്കുന്ന രണ്ടു ജീവിതങ്ങൾക്ക് തുണയായി ആശുപത്രിയിലേക്ക് പോയതാണ് അവൻ. ഏറ്റവും ഉത്കണ്ഠാകുലമായ നിമിഷങ്ങളിൽ ആരെന്നറിയാത്ത അശോകനും ഭാര്യക്കും വേണ്ടി ആശുപത്രിയിൽ അങ്ങോട്ടുമിങ്ങോട്ടും തളരാതെ ഓടിയവനാണ്, സ്വന്തം പേര് അന്വർഥമാക്കിയവൻ. മനുഷ്യസ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വിളി കേട്ടുകൊണ്ട് അവൻ റമദാൻ മാസത്തിന് അർഥം പകർന്നു. ജോലിസ്ഥലം വരെ അവനെ തിരിച്ചുകൊണ്ടാക്കേണ്ട കടമ എനിക്കുണ്ട്. എന്നാൽ കാറിൽ കയറാനുള്ള എന്റെ ക്ഷണം അപ്പോഴാണ് സങ്കോചത്തോടെ അവൻ നിരസിച്ചത്. വസ്ത്രത്തിൽ ചളിയും കറയും പുരണ്ടിരുന്നെങ്കിലും പരിശുദ്ധമായിരുന്നു ആ തൊഴിലാളിയുടെ മനസ്സ്. വലിയവരും പരിഷ്കാരികളും മനുഷ്യത്വം മറന്ന് മാനം നോക്കിനിൽക്കുന്ന പല സന്ദർഭങ്ങളിലും കുപ്പായത്തിൽ ചളിപുരണ്ട ഇത്തരം ആളുകളാണ് മനുഷ്യത്വത്തിന്റെ മഹത്വം നമ്മെ അറിയിക്കുന്നത്. അൽ അമീനെ ഞാൻ കാറിലേക്ക് പിടിച്ചുകയറ്റി. ജോലിസ്ഥലത്ത് ഇറങ്ങും മുമ്പ് അവൻ എന്റെ കണ്ണുകളിലേക്കു നോക്കി. ആ കണ്ണുകളിൽ അപ്പോൾ ഞാൻ റമദാൻ നിലാവ് കണ്ടു" (24.9.2009).

ഈ മൂന്ന് വായനാനുഭവങ്ങളും എന്നെ അഗാധമായി സ്പർശിച്ചു. പരമാവധി വേദികളിൽ അവയെക്കുറിച്ച് സംസാരിച്ചു. അവ ചിലരിലെങ്കിലും സ്നേഹ, കാരുണ്യ വികാരങ്ങളും സേവന സന്നദ്ധതയും ഉണർത്തുകയും വളർത്തുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ഇസ്‌ലാമിന്റെ കാരുണ്യവും നന്മയും വെളിച്ചവും ഉദാരതയും അനുഭവിച്ചറിയാൻ അവസരമൊരുക്കേണ്ടത് മറ്റാരെക്കാളും പ്രബോധകരാണ്. സേവനത്തിന്റെ സ്നേഹസ്പർശങ്ങൾ അവ അനുഭവിക്കുന്നവരിൽ മാത്രമല്ല, അതു കാണുകയും കേൾക്കുകയും അറിയുകയും ചെയ്യുന്നവരിലും ആർദ്രതയുടെ മഹിത വികാരങ്ങളുണർത്താതിരിക്കില്ല. ■